## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.423. 07.01.2014 ൽ മറുപടിയ്ക്ക്.

**ബസ് / ടാക്സി / ഓട്ടോ ചാർജ്ജ് വർദ്ധന**

| ചോദ്യം<br>ശ്രീ. രാജു എബ്രഹാം | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>( വനവും പരിസ്ഥിതിയും സ്പോർട്സും സിനിമയും ഗതാഗതവും വകുപ്പുമന്ത്രി) |
|---|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബസ് / ടാക്സി / ഓട്ടോ ചാർജ്ജുകളിൽ എത്ര തവണ വർദ്ധനവ് വരുത്തിയിട്ടുണ്ട് ; വർദ്ധനവ് വരുത്തിയ തീയതിയും തുകയും വ്യക്തമാക്കുമോ ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 06/08/2011 ലെ G.O.(P).No.45/2011/ഗതാഗതം, 12.08.2011-ലെ G.O.(P).No. 49/2011/ഗതാഗതം എന്നീ വിജ്ഞാപനങ്ങൾ പ്രകാരം ഓർഡിനറി /മൊഫ്യൂസൽ സർവ്വീസ്, ഫാസ്റ്റ് പാസഞ്ചർ / ലിമിറ്റഡ് സ്റ്റോപ്പ് ഫാസ്റ്റ് പാസഞ്ചർ സർവ്വീസ് എന്നിവയുടെ യാത്രാനിരക്കുകൾ വർദ്ധിപ്പിച്ചുകൊണ്ടും സൂപ്പർഫാസ്റ്റിന്റെ നിലവിലുണ്ടായിരുന്ന മിനിമം ചാർജ്ജായ 10 രൂപയ്ക്ക് 10 കി.മീ.ന്റെ ഒരു ഫെയർസ്റ്റേജ് നിർണ്ണയിച്ചു കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. അതിനുശേഷം 09/11/2012 ലെ G.O.(P) No.65/2012/ഗതാ. വിജ്ഞാപന പ്രകാരം എല്ലാത്തരം ബസ് സർവ്വീസുകളുടേയും ചാർജ്ജ് വർദ്ധിപ്പിക്കുകയുണ്ടായി. പ്രസ്തുത ഉത്തരവുകൾ പ്രകാരം നിലവിൽ വന്ന യാത്രാനിരക്കുകൾ അനുബന്ധമായി ചേർക്കുന്നു. കൂടാതെ 30/11/2012 ലെ ജി.ഒ.(പി)നം.77/12/ഗത. ഉത്തരവ് പ്രകാരം ഓട്ടോറിക്ഷകളുടെ മിനിമം നിരക്ക് 12 രൂപയിൽ നിന്ന് 15 രൂപയായും, കി.മീ.ന് 7 രൂപയിൽ നിന്ന് 8 രൂപയായും, മോട്ടോർക്യാബുകളുടെ മിനിമം നിരക്ക് 60 രൂപയിൽ നിന്ന് 100 രൂപയായും കി.മീ. നിരക്ക് 8 രൂപയിൽ നിന്ന് 9 രൂപയായും വർദ്ധിപ്പിച്ചിരുന്നു. |
| (ബി) ഇപ്പോൾ സ്റ്റേജ് കാര്യേജ് അടക്കമുള്ളവയുടെ ചാർജ് വീണ്ടും വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് എന്ത് | (ബി) | ബസ് ചാർജ്ജ് വർദ്ധിപ്പിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. |

| | | | |
|---|---|---|---|
| | തീരുമാനമാണ് എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | | |
| (സി) | ബസ് ചാർജ്ജ് കിലോമീറ്റർ കണക്കാക്കി വർദ്ധിപ്പിക്കുകയും ഫെയർ സ്റ്റേജ് നിലനിർത്തുകയും ചെയ്യുന്നതു വഴി യാത്രക്കാർക്ക് അമിതമായി ചാർജ്ജ് കൊടുക്കേണ്ടി വരുന്ന സാഹചര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കുന്നതിനായി ചാർജ് വർദ്ധിപ്പിക്കുന്നതോടൊപ്പം ഫെയർ സ്റ്റേജ് പുനഃപരിശോധിക്കുന്നതിനും നടപടി സ്വീകരിക്കുമോ ? | (സി) | ഇങ്ങനെയൊരു സാഹചര്യം ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. എന്നാൽ ചില സ്ഥലങ്ങളിൽ ഇത്തരത്തിൽ അമിത ചാർജ്ജ് നൽകേണ്ടി വരുന്നുണ്ടെന്ന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്ത് ബസ് റൂട്ടുകളിൽ ഫെയർസ്റ്റേജ് നിർണ്ണയിക്കുന്നതിനും ഇതുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിനുമുള്ള അധികാരം റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റികൾക്കാണ്. ആർ.ടി.എ.കൾക്ക് ലഭിക്കുന്ന പരാതികളിൽ നടപടി സ്വീകരിക്കേണ്ടത് ആർ.ടി.എ. കൾ ആണ്. |

സെക്ഷൻ ഓഫീസർ.

<u>അനുബന്ധം</u>

| ഇനം | 06/08/2011 തീയതിയിലെ G.O. (P) No.45/2011/Tran പ്രകാരമുള്ള നിരക്കുകൾ | | 09/11/2012 തീയതിയിലെ G.O. (P) No.65/2012/Tran പ്രകാരമുള്ള നിരക്കുകൾ | |
|---|---|---|---|---|
| | മിനിമം ചാർജ്ജ് (രൂപ) | കി.മീ. നിരക്ക് (പൈസ/കി .മീ). | മിനിമം ചാർജ്ജ് (രൂപ) | കി.മീ. നിരക്ക് (പൈസ/കി.മീ). |
| ഓർഡിനറി /മൊഫ്യൂസൽ സർവ്വീസുകൾ | 5 (5.കി.മീ.വരെ) | 55 | 6 (5.കി.മീ.വരെ) | 58 |
| ഫാസ്റ്റ് പാസഞ്ചർ / ലിമിറ്റഡ് സ്റ്റോപ്പ് ഫാസ്റ്റ് പാസഞ്ചർ /സിറ്റി ഫാസ്റ്റ് | 7 | 57 | 8 | 62 |
| സൂപ്പർ ഫാസ്റ്റ് | 10 | 60 | 12 | 65 |
| സൂപ്പർ എക്സ് പ്രസ് | മിനിമംചാർജ്ജ് വർദ്ധിപ്പിച്ചില്ല | കി.മീ. നിരക്ക് വർദ്ധിപ്പിച്ചില്ല | 17 | 70 |
| സൂപ്പർ ഡീലക്സ് /സെമി സ്ലീപ്പർ സർവ്വീസുകൾ | മിനിമംചാർജ്ജ് വർദ്ധിപ്പിച്ചില്ല | കി.മീ. നിരക്ക് വർദ്ധിപ്പിച്ചില്ല | 25 | 80 |
| ലക്ഷ്വറി/ഹൈടെക്/ എയർകണ്ടീഷൻഡ് സർവ്വീസുകൾ | മിനിമംചാർജ്ജ് വർദ്ധിപ്പിച്ചില്ല | കി.മീ. നിരക്ക് വർദ്ധിപ്പിച്ചില്ല | 35 | 100 |
| വോൾവോ | മിനിമംചാർജ്ജ് വർദ്ധിപ്പിച്ചില്ല | കി.മീ. നിരക്ക് വർദ്ധിപ്പിച്ചില്ല | 35 | 120 |

സെക്ഷൻ ഓഫീസർ.